# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1008</u>   <u>13.06.2013 -ലെ മറുപടിക്ക്.</u>

<u>വൈപ്പിൻ ദ്വീപിൽ പുതുതായി പ്ലസ് ടു സ്കൂളുകൾ അനുവദിക്കാൻ നടപടി</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> | |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ | | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | ജനസാന്ദ്രതയേറിയ വൈപ്പിൻ ദ്വീപിലെ എസ്.എസ്.എൽ.സി.പാസ്സാകുന്ന വിദ്യാർത്ഥികളിൽ പകുതിപ്പേർക്കു മാത്രമേ ദ്വീപിൽ പ്ലസ് വൺ അഡ്മിഷൻ ലഭിക്കുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ നിലവിൽ പ്ലസ്ടു സ്കൂളുകൾ ഇല്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ പുതുതായി പ്ലസ്ടു അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ്/ എയ്ഡഡ്/അൺ എയ്ഡഡ് മേഖലയിൽ നിലവിൽ 1150 പ്ലസ് ടു സീറ്റുകളാണ് ഉള്ളത്. ഈ മണ്ഡലത്തിൽ നിന്നും എസ്.എസ്.എൽ.സി പാസാകുന്ന കുട്ടികളുടെ എണ്ണം ശരാശരി 2715 ആണ് . എസ്.എസ്.എൽ.സി പാസാകുന്ന കുട്ടികൾ മുഴുവൻ പ്ലസ് ടു കോഴ്സിന് ചേരുമെന്ന് കരുതാനാവില്ല. ഐ.ടി.ഐ, പോളിടെക്നിക്ക് തുടങ്ങിയ മറ്റ് മേഖലകളിലേക്ക് ഉന്നത പഠനത്തിനായി പോകുന്നതും കണക്കിലെടുക്കേണ്ടതുണ്ട്. സർക്കാർ/ എയ്ഡഡ് മേഖലയിൽ ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ ഹയർസെക്കന്ററി സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്ലസ് വൺ കോഴ്സിനുള്ള അനുമതിക്കായി വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത | (ബി) | സർക്കാർ എയ്ഡഡ് മേഖലയിൽ ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽഹയർസെക്കന്ററി സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാർ |

അപേക്ഷകളിൻമേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്.ആയതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു .ഇതു സംബന്ധിച്ച നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച ശേഷം സ്കൂളുകൾ ഹയർസെക്കന്ററി കോഴ്സ് അനുവദിക്കുന്നതിനായി അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ പരിധി 26/06/2013 നാണ് അവസാനിക്കുന്നത്. ആയതിനുശേഷമേ വൈപ്പിൻ പഞ്ചായത്തിൽ എത്ര സ്കൂളുകൾ പ്ലസ് വൺ കോഴ്സിനുള്ള അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാകുകയുള്ളൂ. അപേക്ഷകൾ നിയമാനുസൃതമായി പരിശോധിച്ച് പ്രദേശത്തിന്റെ വിദ്യാഭ്യാസ ആവശ്യകത അനുസരിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ.